**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 64 **28.02.2018-ൽ** മറുപടിക്ക്

## പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കാരാട്ട് റസാഖ് | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിയിലെ ദുർബ്ബല ജാതികളിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹമായ തോതിൽ ലഭിക്കുന്നില്ലെന്ന പ്ലാനിംഗ് ബോർഡിന്റെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്താനുദ്ദേശിക്കുന്ന തിരുത്തൽ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതിയിലെ ദുർബല ജാതികളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി എന്നീ വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരികയാണ്. ഭൂരഹിതരുടെ പുനരധിവാസം, ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം, സങ്കേതങ്ങളുടെ മറ്റു പൊതു സൗകര്യങ്ങൾ, പഠനാനുകൂല്യങ്ങൾ തുടങ്ങിയ മേഖലകളിൽ ആവശ്യാനുസരണം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.<br>2016-17 വർഷം വകയിരുത്തിയ 17.58 കോടി രൂപയിൽ 17.43 കോടി രൂപയും 2017-18 വർഷത്തിൽ വകയിരുത്തിയ 17 കോടി രൂപയിൽ 2018 ജനുവരി വരെ 11.18 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി ഉപ പദ്ധതിയിൽ നിന്നും പൊതുവേ ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമെയാണിത്.<br>ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഈ വിഭാഗങ്ങളിലെ മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കൃഷിഭൂമി വായ്പാ പദ്ധതിയിൽ ഈ വിഭാഗത്തിന് മുൻഗണന നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം കുടുംബങ്ങളിൽ നാൽപതു ശതമാനത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ലെന്ന പ്രശ്നം പരിഹരിക്കാനായി എസ്.സി. എസ്.പി-യിൽ പ്രത്യേക ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വരുമാനദായക പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) | ഈ വിഭാഗക്കാരുടെ 38.14 ശതമാനം വീടുകൾ മെച്ചപ്പെട്ടവയാണെന്നും 49.82 ശതമാനം വീടുകൾ വാസയോഗ്യമാണെന്നുമാണ് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പഠനത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ 12 ശതമാനത്തോളമാണ്.പ്രത്യേക പദ്ധതിയിൽ വീടുകൾക്ക് മുൻഗണന നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇവരുടെ ഭൂ ഉടമസ്ഥത നാമമാത്രമായതിനാൽ ഭൂമി വാങ്ങൽ പദ്ധതിയിൽ അനുവദിക്കുന്ന തുകയും ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുകയും വർദ്ധിപ്പിച്ച് നൽകാൻ സാധിക്കുമോ? | (സി) | ലൈഫ് മിഷൻ മുഖേന പട്ടികജാതിക്കാർക്ക് നൽകുന്ന വീടുകൾക്കുള്ള ആനുകൂല്യം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതിയിലെ ദുർബ്ബലജാതി വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന അതേ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ